പ്രകാശവചനം
അബൂദർറ് എടയൂർ

# ക്ഷോഭിക്കുന്ന നരകം

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ أَنَّ رَسُولَ اللَّهِ ﷺ، قَالَ: نَارُكُمْ جُزْءٌ مِنْ سَبْعِينَ جُزْءًا مِنْ نَارِ جَهَنَّمَ، قِيلَ يَا رَسُولَ اللَّهِ إِنْ كَانَتْ لَكَافِيَةً قَالَ: فُضِّلَتْ عَلَيْهِنَّ بِتِسْعَةٍ وَسِتِّينَ جُزْءًا كُلُّهُنَّ مِثْلُ حَرِّهَا.

**അബൂഹുറയ്‌റ(റ)യിൽ നിന്ന്. നബി(സ) പറഞ്ഞു: നിങ്ങൾ ഉപയോഗിക്കുന്ന തീ നരകത്തീയുടെ എഴുപതംശത്തിൽ ഒരംശമാണ്. ആരോ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, തീർച്ചയായും (ശിക്ഷയായി) അതുതന്നെ (ദുനിയാവിലെ തീ) മതിയല്ലോ! നബി (സ) പറഞ്ഞു: അതിനേക്കാൾ അറുപത്തൊമ്പത് ഇരട്ടിയുണ്ടത്. അവയിലെ ഓരോ ഇരട്ടിയും ഇവിടത്തെ തീയുടെ തീവ്രതയുള്ളതാണ് (ബുഖാരി).**

അടുപ്പിൽ നിന്ന് ചൂടുള്ള പാത്രങ്ങൾ ഇറക്കിവെക്കുമ്പോൾ കൈയിൽ ഒരു തുണികഷ്ണം ചുറ്റിപ്പിടിക്കുന്നതും ഉഷ്ണകാലത്ത് അൽപം സമയം കറന്റുപോയാൽ വല്ലാതെ അസ്വസ്ഥരാവുന്നതും നമ്മുടെ പതിവു കാഴ്ചകളിൽ പെട്ടതാണ്. എന്നാൽ ഇഹലോകത്തെ തീയുടെ അറുപത്തിഒമ്പത് ഇരട്ടി ചൂടുള്ളതാണ് നരകത്തീ എന്ന് പ്രവാചകൻ വ്യക്തമാക്കുമ്പോൾ ഉൾക്കിടിലമുണ്ടാകുന്നവർ എത്രയുണ്ട്?

നരകത്തിന്റെ സംഹാര താണ്ഡവവും അതിലെ ഹൃദയ ഭേദക കാഴ്ചകളും ഖുർആൻ നമുക്ക് വിവരിച്ചുതരുന്നുണ്ട്. നാം നരകത്തിൽ ചെന്ന് ചാടാതിരിക്കാനാണ് അത്. എന്നിട്ടും നരകത്തിലേക്കുള്ള വഴി നാം തെരഞ്ഞെടുത്താൽ സ്വയം പഴിക്കുകയല്ലാതെ മറ്റെന്തു ചെയ്യാൻ.

നരകപ്രവേശത്തിന്റെ കാരണങ്ങളെ ഖുർആനിന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ പണ്ഡിതന്മാർ പൊതുവെ രണ്ടായി വർഗീകരിച്ചിട്ടുണ്ട്. ഒന്ന്, ശാശ്വതമായ നരകശിക്ഷ ലഭിക്കുന്നവ. നിശ്ചിത കാലം വരെ നരകശിക്ഷ, ശേഷം വിമോചിപ്പിക്കപ്പെടുന്നവയാണ് രണ്ടാമത്തേത്. ശിർക്ക്, കുഫ്ർ, ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങളിലേതെങ്കിലുമൊന്നിനെ നിഷേധിക്കുക, അല്ലാഹുവിനെയോ ഇസ്‌ലാമിനെയോ പ്രവാചകനെയോ അപഹസിക്കുക/ശകാരിക്കുക, മനുഷ്യനിർമിത നിയമങ്ങളാണ് കൂടുതൽ മികച്ചതെന്ന് അംഗീകരിച്ച് അല്ലാഹുവിന്റെ നിയമങ്ങളെ തള്ളിക്കളയുക, കാപട്യം മുതലായ കുറ്റകൃത്യങ്ങൾ ഒന്നാമത്തെ ഇനത്തിൽ പെടുന്നു.

മാതാപിതാക്കളെ ധിക്കരിക്കൽ, കുടുംബബന്ധം വിഛേദിക്കൽ, പലിശ ഭോജനം, അനാഥകളുടെ സ്വത്ത് അപഹരിക്കൽ, കള്ളസാക്ഷ്യം, കള്ളസത്യം, അന്വേഷണമില്ലാതെയോ നീതിരഹിതമായോ വിധി കൽപിക്കൽ, കൈക്കൂലി, വഞ്ചന, സ്വർണത്തിന്റെയോ വെള്ളിയുടെയോ പാത്രങ്ങൾ ഉപയോഗിക്കൽ, പരുഷത, പിശുക്ക്, അഹങ്കാരം തുടങ്ങിയവ രണ്ടാം ഗണത്തിൽ പെടുന്നവയാണ്.

മനുഷ്യരിലും ജിന്നിലും പെട്ടവർ ഒഴികെ ബാക്കിയുള്ള സകല സൃഷ്ടികളും അല്ലാഹുവിന് വിധേയമായിട്ടാണ് ജീവിക്കുന്നത്. മനുഷ്യന്റെയും ജിന്നിന്റെയും ധിക്കാരം കണ്ട് ദേഷ്യത്താൽ നരകം പൊട്ടിത്തെറിക്കുന്നതും ക്ഷോഭിക്കുന്നതും ഖുർആൻ പ്രതിപാദിക്കുന്നു (*അൽ മുൽക്* 8). നരകത്തിലേക്കുള്ള പാത വളരെ സുഖകരവും ആനന്ദകരവുമാണ്. എന്നാൽ സ്വർഗം അങ്ങനെയല്ല. അത് തുഛമായ വില കൊടുത്ത് വാങ്ങാൻ കഴിയുന്ന ഒന്നല്ല. ക്ഷേമത്തിലും ക്ഷാമത്തിലും സഹനപൂർവം അല്ലാഹുവിന്റെ പാതയിൽ അചഞ്ചലരായി നിൽക്കുന്നവർക്കുള്ളതാണത്. നബി(സ) പറയുന്നു: ചെയ്യാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ കൊണ്ട് നരകവും പ്രവൃത്തിക്കാൻ അതീവ താൽപര്യമൊന്നും തോന്നാത്ത കാര്യങ്ങൾ കൊണ്ട് സ്വർഗവും വലയം ചെയ്യപ്പെട്ടിരിക്കുന്നു (ബുഖാരി). അഥവാ മനുഷ്യൻ ദേഹേഛക്കനുസരിച്ച് പ്രവർത്തിക്കുക വഴി നരകത്തിലേക്കും ദേഹേഛയെ കടിഞ്ഞാണിട്ട് പ്രവാചകനെ അനുസരിക്കുക വഴി സ്വർഗത്തിലും എത്തുമെന്ന് സാരം. ■